**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6255** **10-11-2021 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ മലയോര ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ എത്രകിലോമീറ്റർദൂരത്തിലൂടെയാണ് മലയോര ഹൈവേ കടന്നുപോകുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ചെറങ്ങാനാൽ മുതൽ നേരിയമംഗലം വരെ 32.8 കി.മീ. |
| (ബി) | പ്രസ്തുത ഹൈവേയ്ക്ക് ആവശ്യത്തിന് വീതിയില്ലെന്ന കാരണത്താൽ മണ്ഡലത്തിന് അനുവദിച്ച തുക വിനിയോഗിക്കുവാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | മലയോര ഹൈവേ 12 മീറ്റർ വീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത റീച്ചിന്റെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിക്കുകയും ഇതിന്മേൽ കിഫ്ബി പരിശോധിച്ച റ്റി.എ.ആർ നൽകുകയും ചെയ്തു. റ്റി.എ.ആർ അനുസരിച്ചുള്ള മാറ്റങ്ങൾ ഡി.പി.ആർ-ൽ വരുത്തി കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തികാനുമതി ലഭ്യമാക്കുന്നതാണ്. സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതാണ്. കൂടാതെ 04/08/2021 - ന് പ്രസ്തുത റീച്ച് വനം വകുപ്പിന്റെയും നാറ്റ്പാക്കിന്റെയും കെ.ആർ.എഫ്.ബി - യുടെയും ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ പരിശോധിക്കുകയും ഈ റീച്ചിന് വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കും എന്ന ഉറപ്പ് ലഭിക്കുകയും ചെയ്തു. തുടർന്ന് 05/10/2021 – ലെ ഉന്നതതല യോഗത്തിന്റെ അടിസ്ഥാനത്തിൽ വനവിസ്തീർണ്ണം നിർണ്ണയിക്കുന്നതിനുള്ള ചുമതല വനം വകുപ്പിന്റെ മേൽ നോട്ടത്തിൽ നടത്തുവാൻ നാറ്റ്പാക്കിനെ ഏല്പിക്കുകയും ചെയ്തു. നാറ്റ്പാക്കിന്റെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിവേഷ് പോർട്ടലിൽ അനുബന്ധ രേഖകൾ നൽകി വനം വകുപ്പിന് അനുമതിയ്ക്കായി സമർപ്പിക്കുന്നതാണ്. |
| (സി) | മലയോര ഹൈവേ കടന്ന് പോകുന്ന റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് റോഡ് പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | മലയോര ഹൈവേ 12 മീറ്റർ വീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത റീച്ചിന്റെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിക്കുകയും ഇതിന്മേൽ കിഫ്ബി പരിശോധിച്ച റ്റി.എ.ആർ നൽകുകയും ചെയ്തു. റ്റി.എ.ആർ അനുസരിച്ചുള്ള മാറ്റങ്ങൾ ഡി.പി.ആർ-ൽ വരുത്തി കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തികാനുമതി ലഭ്യമാക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതാണ്. കൂടാതെ 04/08/2021 - ന് പ്രസ്തുത റീച്ച് വനം വകുപ്പിന്റെയും നാറ്റ്പാക്കിന്റെയും കെ.ആർ.എഫ്.ബി - യുടെയും ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ പരിശോധിക്കുകയും ഈ റീച്ചിന് വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കും എന്ന ഉറപ്പ് ലഭിക്കുകയും ചെയ്തു. തുടർന്ന് 05/10/2021 – ലെ ഉന്നതതല യോഗത്തിന്റെ അടിസ്ഥാനത്തിൽ വനവിസ്തീർണ്ണം നിർണ്ണയിക്കുന്നതിനുള്ള ചുമതല വനം വകുപ്പിന്റെ മേൽ നോട്ടത്തിൽ നടത്തുവാൻ നാറ്റ്പാക്കിനെ ഏല്പിക്കുകയും ചെയ്തു. നാറ്റ്പാക്കിന്റെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിവേഷ് പോർട്ടലിൽ അനുബന്ധ രേഖകൾ നൽകി വനം വകുപ്പിന് അനുമതിയ്ക്കായി സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ